# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 –26

## മാതൃക ചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം

**ക്ലാസ് – X** | **സമയം : 2½ മണിക്കൂർ**
**ആകെ സ്കോർ : 80 സ്കോർ**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

© State Assessment Cell - SCERT, Kerala

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (8×1=8)**

1. ചിത്രകല, വാസ്തുവിദ്യ എന്നീ മേഖലകളിൽ സവിശേഷ മാറ്റങ്ങൾ കാഴ്ചവച്ച നവോത്ഥാന കലയുടെ പ്രധാന കേന്ദ്രമായ ഇറ്റലിയിലെ വാണിജ്യനഗരം.

   എ) ഫ്ലോറൻസ്

   ബി) മിലാൻ

   സി) പാർമ

   ഡി) റോം

2. സൗരവികരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തി എഴുതുക.

   എ) സൗരവികരണത്തിലൂടെ ഭൗമോപരിതലം ചൂടുപിടിക്കുന്നില്ല

   ബി) സൂര്യനിൽ നിന്ന് ഭൂമിയിലേക്ക് വരുന്ന സൗരവികരണത്തിന്റെ ഒരു ഭാഗം അന്തരീക്ഷ വസ്തുക്കളിൽ തട്ടി പ്രതിഫലിക്കുന്നു

   സി) സൗരവികരണം ഹ്രസ്വ തരംഗങ്ങൾ ആയതിനാൽ അന്തരീക്ഷത്തെ കാര്യമായി ചൂടു പിടിപ്പിക്കാറില്ല

   ഡി) സൗരവികരണത്തിലൂടെ ഭൗമോപരിതലം ചൂടുപിടിക്കുന്നു

3. താഴെ നൽകിയിരിക്കുന്ന സംഭവങ്ങളെ കാലഗണനയനുസരിച്ച് ക്രമീകരിക്കുക.

   i) ഫ്രാൻസിൽ പുതിയ ഭരണഘടന നിലവിൽ വന്നു

   ii) നാഷണൽ കൺവെൻഷൻ നിലവിൽ വന്നു

   iii) ടെന്നീസ് കോർട്ട് പ്രതിജ്ഞ

   iv) പാരീസിലെ ബാസ്റ്റിൽ കോട്ട തകർക്കപ്പെട്ടു

   എ) iii, iv, ii, i

   ബി) i, ii, iii, iv

   സി) ii, iii, iv, i

   ഡി) iv, I, ii, iii

4. നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക
പ്രസ്താവന: വൻകരകളും സമുദ്രങ്ങളും ചേരുന്ന ഇടങ്ങളിൽ സമതാപരേഖകൾ പ്രകടമായി വളയുന്നു.
കാരണം: കരയും കടലും വ്യത്യസ്ത രീതിയിൽ ചൂട് പിടിക്കുന്നു

എ) പ്രസ്താവന ശരി കാരണം തെറ്റ്

ബി) പ്രസ്താവനയും കാരണവും ശരി

സി) പ്രസ്താവനയും കാരണവും തെറ്റ്

ഡി) പ്രസ്താവന തെറ്റ് കാരണം ശരി

5. കാർഡിനൽ ഉപയുക്തതാവാദത്തിൻെറ അനുമാനങ്ങൾ കണ്ടെത്തിയെഴുതുക.

i) ഉൽപന്നങ്ങൾ എല്ലാം ഒരേ ഗുണം ഉള്ളവയായിരിക്കണം

ii) ഉപഭോക്താവിന്റ വരുമാനം, അഭിരുചി എന്നിവ സ്ഥിരമായിരിക്കണം

iii) ഉപഭോഗം തുടർച്ചയുള്ളതായിരിക്കണം

iv) മറ്റ് സാധനങ്ങളുടെ ഉപഭോഗം നിജപ്പെടുത്തിയിരിക്കണം

എ) i,ii,iv

ബി) i,ii

സി) ii,iv

ഡി) ii,iii,iv

6. വ്യക്തിപരമായ അനുഭവങ്ങൾ, സാമൂഹിക ഇടപെടലുകൾ, സാംസ്കാരിക അറിവുകൾ എന്നിവ യിലൂടെ വ്യക്തികൾ ലോകത്തെക്കുറിച്ച് നേടുന്ന അടിസ്ഥാന ദൈനംദിന ധാരണ ചുവടെ നൽകിയിരിക്കുന്ന ഏത് ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

എ) സാമൂഹിക വിശകലനം

ബി) സമൂഹശാസ്ത്ര സങ്കല്പം

സി) സ്വയം പ്രതിഫലനം

ഡി) സാമാന്യബോധജ്ഞാനം

7. **എ** കോളത്തിന് ഉചിതമായത് **ബി** കോളത്തിൽ നിന്നും കണ്ടെത്തിയെഴുതുക.

| എ | ബി |
|---|---|
| നവോത്ഥാനകാല ചിത്രകല | i) ഭൂദൃശ്യങ്ങൾ |
| | ii) എണ്ണച്ചായത്തിൻെറ ഉപയോഗം ഉണ്ടായിരുന്നില്ല |
| | iii) എണ്ണച്ചായത്തിൻെറ ഉപയോഗം |
| | iv) ജലഛായ ചിത്രങ്ങൾ |
| | v) വർണ്ണങ്ങൾ കാണ്ട് പ്രകാശത്തെയും അകലത്തെയും ചിത്രീകരിക്കൽ |

എ). i, iii, v

ബി).i i iii

സി) i ,ii, iv

ഡി) i ,ii , iv

© State Assessment Cell - SCERT, Kerala

8. പട്ടിക ഉചിതമായി ക്രമീകരിക്കുക.

| എ | ബി | സി |
|---|---|---|
| എ) തോമസ് മൂർ | i) ഇൻ പ്രെയിസ് ഓഫ് ഫോളി | 1. സ്പെയിൻ |
| ബി) ഇറാസ്മസ് | ii) ഡോൺ കിഹോട്ട് | 2. ഇംഗ്ലണ്ട് |
| സി) മിഗ്വൽ ഡെ സെർവാന്തെ | iii) ഉട്ടോപ്പിയ | 3. നെതർലാന്റ് |

എ). എ-iii-2 ,ബി-i-3 , സി-ii-1

ബി) എ-iii-3, ബി-ii-2, സി-i-1

സി) എ-ii-3, ബി-i-2, സി-iii-1

ഡി) എ-i-2, ബി-iii-3 , സി-ii-1

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം. ഉത്തരങ്ങൾ രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം. (5×2=10)**

9. ദാന്തെയുടെ പ്രശസ്തമായ കൃതി ഏത്? ഈ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്ന ആശയങ്ങൾ സമകാലിക സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്.

10. കേരളത്തിൽ തെക്കുപടിഞ്ഞാറൻ മൺസൂൺമഴ ധാരാളമായി ലഭിക്കുമ്പോൾ അയൽസംസ്ഥാനമായ തമിഴ്നാടിന്റെ പടിഞ്ഞാറ് ഭാഗങ്ങളിൽ മഴ തീരെ കുറയാൻ കാരണമെന്ത്?


11. മധ്യകാല ഫ്യൂഡൽ ഭരണാധികാരികളിൽ നിന്നും വ്യത്യസ്തനായ ഒരു ഭരണാധികാരിയെയാണ് മാക്യവല്ലി തന്റെ 'ദി പ്രിൻസ് ' എന്ന കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. മാക്യവല്ലി അവതരിപ്പിച്ച ഭരണാധികാരിയുടെ പ്രത്യേകതകൾ എന്തെല്ലാം ആയിരുന്നു?

12. ഉപയുക്തത എന്നാൽ എന്ത്? ഉപയുക്തതയുടെ യൂണിറ്റ് ഏത്?

13. ദക്ഷിണാർധഗോളത്തിൽ ശൈത്യ കാലാവസ്ഥ കാണപ്പെടാത്തതിന് കാരണമാമെന്ത്?

**14 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.ഇതിൽ 14,15,16 ചോദ്യങ്ങൾക്ക് ചോയിസ് ഉണ്ട്. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രമേ ഉത്തരമെഴുതാവൂ. ഉത്തരങ്ങൾ മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം. (8×3=24)**

14. എ)




പഠനസൗകര്യാർത്ഥം ലോകചരിത്രത്തെ വിഭജിക്കുന്നതിൽ ഏറ്റവും ശ്രദ്ധേയമായ രീതിയാണ് മുകളിൽ നൽകിയിരിക്കുന്നത്. നവോത്ഥാന കാലഘട്ടത്തിൽ നിലവിൽ വന്ന ഈ രീതി ആവിഷ്കരിച്ച ചരിത്രകാരർ ആരെല്ലാം? നവോത്ഥാനകാലത്ത് ചരിത്രരചനയിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) ആധുനിക ഫ്രാൻസിന്റെ രൂപീകരണത്തിന് അടിത്തറ പാകിയത് നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ ആണ്. പ്രസ്താവന സാധൂകരിക്കുക.

© State Assessment Cell - SCERT, Kerala

15.എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേപ്പാളിനെയും മാലിദ്വീപിനെയും ബാധിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക. ഇത്തരത്തിൽ കേരളത്തിലുണ്ടായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാം? അവയ്ക്ക് എന്തെല്ലാം പരിഹാരങ്ങൾ നിർദേശിക്കാൻ കഴിയും.

**അല്ലെങ്കിൽ**

ബി) തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ മിതോഷ്ണ പുൽമേടുകളും ഉഷ്ണമേഖല പുൽമേടുകളും (സാവന്ന കാലാവസ്ഥ) താരതമ്യം ചെയ്യുക.


* അക്ഷാംശം
* അറിയപ്പെടുന്ന പേരുകൾ
* കാലാവസ്ഥ

16. എ) ഫ്രഞ്ച് വിപ്ലവത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് വിലയിരുത്തുക.

അല്ലെങ്കിൽ

ബി) റൂസ്സോയുടെ ചിന്തകൾ ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായത് എങ്ങനെയെന്ന് വിശദീകരിക്കുക.

17.




ചിത്രം നിരിക്ഷിച്ച് മഴ ഏതാണെന്ന് തിരിച്ചറിഞ്ഞ് വിശദമാക്കുക?

18. മൊബൈൽ ഫോണിലേക്ക് വന്ന ഒരു വ്യാജ ലിങ്കിൽ ക്ലിക്ക് ചെയ്തപ്പോൾ രാജുവിന് തന്റെ ബാങ്ക് അക്കൗണ്ടിലെ മുഴുവൻ പണവും നഷ്ടമായി. രാജുവിന് എന്തെല്ലാം പരിഹാരങ്ങൾ നിങ്ങൾക്ക് നിർദേശിക്കാൻ കഴിയും.

19. തിരക്കേറിയ റോഡിലൂടെ വളരെ ശ്രദ്ധാപൂർവം വാഹനം ഓടിക്കുകയാണ് രാകേഷ്. അലസമായി വാഹനമോടിച്ച് എതിരെ വന്ന ഒരു വാഹനം രാകേഷിന്റെ വാഹനത്തെ ഇടിക്കുന്നു . രാകേഷിന്റെ ശ്രദ്ധയില്ലായ്മ കൊണ്ടല്ല ഇത് സംഭവിച്ചതെന്നും റോഡിലുള്ള തിരക്കും വാഹനപ്പെരുപ്പവും ഒക്കെ ഇതിന് കാരണമാകുന്നു എന്ന് കണ്ടെത്തുന്നു. ഇത്തരം വ്യക്തിഗത പ്രശ്നങ്ങളെ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്ന രീതി ഏത് പേരിൽ അറിയപ്പെടുന്നു. ഈ ആശയം ആദ്യം അവതരിപ്പിച്ചതാര്? ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാം?

© State Assessment Cell SCERT, Kerala

20.

| ഓറഞ്ചിന്റെ അളവ് | മൊത്തം ഉപയുക്തത | സീമാന്തത ഉപയുക്തത |
|---|---|---|
| 1 | 20 | 20 |
| 2 | 38 | 18 |
| 3 | 53 | 15 |
| 4 | 63 | 10 |
| 5 | 67 | 4 |
| 6 | 67 | 0 |
| 7 | 64 | -3 |
| 8 | 57 | -7 |

പട്ടിക പരിശോധിച്ച് നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

(i) ഒന്നാമത്തെ യൂണിറ്റ് ഓറഞ്ച് ഉപയോഗിക്കുമ്പോൾ മൊത്തം ഉപയുക്തതയുടേയും സീമാന്ത ഉപയോക്തതയുടേയും സവിശേഷത എന്തെന്ന് എഴുതുക.

(ii) പട്ടികയിൽ നിന്നും സീമാന്ത ഉപയോക്തതയുടെ സവിശേഷത കണ്ടെത്തുക.

(iii) എത്രാമത്തെ യൂണിറ്റ് ഓറഞ്ച് ഉപയോഗിക്കുമ്പോഴാണ് സീമാന്ത ഉപയുക്തത നെഗറ്റീവ് ആകാൻ തുടങ്ങുന്നത്?

21. കടയിൽ നിന്ന് വാങ്ങിയ ബ്രഡ് കഴിച്ച നീനുവിന് ഭക്ഷ്യവിഷബാധയുണ്ടായി. പാക്കറ്റ് പരിശോധിച്ചപ്പോഴാണ് കാലാവധി കഴിഞ്ഞ ബ്രഡാണ് എന്നത് നീനുവിന്റെ ശ്രദ്ധയിൽപെട്ടത്. ഇത്തരം സാഹചര്യം ഒഴിവാക്കാൻ ഒരു ഉപഭോക്താവ് എന്ന നിലയിൽ സാധനങ്ങൾ വാങ്ങുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

**22 മുതൽ 28 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.ഇതിൽ 22,23 ചോദ്യങ്ങൾക്ക് ചോയിസ് ഉണ്ട്. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രമേ ഉത്തരമെഴുതാവൂ. ഉത്തരങ്ങൾ നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം. (7×4=28)**

22. എ) സാമൂഹിക പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുക എന്നത് സമൂഹശാസ്ത്ര സങ്കല്പത്തിന്റെ ഒരു സവിശേഷതയാണ്. ലിംഗപദവി അടിസ്ഥാനപ്പെടുത്തിയുള്ള വഴക്കത്തിന്റെ അടിസ്ഥാനത്തിൽ സമൂഹശാസ്ത്ര സങ്കൽപ്പത്തിന്റെ ഈ സവിശേഷത വിശദീകരിക്കുക.

അല്ലെങ്കിൽ

ബി) മതനവീകരണത്തെ തുടർന്ന് കത്തോലിക്കാസഭ സ്വയം നവീകരിക്കാൻ നടത്തിയ ശ്രമങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു? ഇത് കത്തോലിക്കാസഭയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശകലനം ചെയ്യുക.


23. എ). കാറ്റിൻെറ കാലികമായ ദിശാവ്യതിയാനമാണ് മൺസൂൺ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് . ഈ പേര് അന്വർത്ഥമാക്കുന്ന തരത്തിലാണോ മൺസൂൺ കാറ്റുകളുടെ ദിശാവ്യതിയാനം. വ്യക്തമാക്കുക.

**അല്ലെങ്കിൽ**

ബി) ഭൂമുഖത്തെ സസ്യജന്തുജാലങ്ങളിലും മനുഷ്യജീവിതത്തിലും വൈവിധ്യം തീർക്കുന്നതിൽ അതതുപ്രദേശത്തെ കാലാവസ്ഥ സാഹചര്യങ്ങൾ നിർണ്ണായകമാണ്. പ്രസ്താവന സാധൂകരിക്കുക.

© State Assessment Cell, SCERT, Kerala

24.




ഭൂപടത്തിൽ നിന്നും ചുവടെ നൽകിയിരിക്കുന്ന ഉഷ്ണമരുഭൂമികൾ അടയാളപ്പെടുത്തുക.

എ) സഹാറ

ബി) കലഹാരി

സി) അറ്റക്കാമ

ഡി) അറേബ്യൻ മരുഭൂമി

25. സാമാന്യബോധജ്ഞാനത്തിന്റെ പരിമിതികൾ എഴുതുക.

26. നവോത്ഥാനം യൂറോപ്പിലെ മതരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തുക.

27. അജയ് തുണികടയിൽ നിന്നും ഉപയോഗത്തിനായി രണ്ട് ഷർട്ടുകൾ വാങ്ങി. വസ്ത്രത്തിൽ നിർദേശിച്ച പ്രകാരം അയാൾ ഉപയോഗിച്ചപ്പോൾ അടുത്ത ആഴ്ചയിൽ തന്നെ കേടുപാടുകൾ വന്നു. ഈ സംഭവത്തിൽ അജയ് പരിഹാരത്തിനായി ആരെയാണ് സമീപിക്കേണ്ടത്. അജയന് എന്തൊക്കെ അവകാശങ്ങൾ നിക്ഷേധിക്കപ്പെട്ടു.

28. ഫ്രഞ്ച് ദേശീയസഭ ഫ്രാൻസിന്റെ സാമൂഹിക,സാമ്പത്തിക, രാഷ്ട്രീയ രംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

**29, 30 ചോദ്യങ്ങൾക്ക് 5 സ്കോർ വീതം. ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം. (2×5=10)**

29. എ) മധ്യവർഗത്തിന്റെ ഉയർച്ചയും അതിന്റെ വളർച്ചയും ഫ്രഞ്ച് വിപ്ലവത്തിന് എത്രത്തോളം കാരണമായെന്ന് വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) നവോത്ഥാനം ആധുനിക ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് അടിത്തറയിട്ടു. ജ്യോതിശാസ്ത്ര രംഗത്തുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്താവന സാധൂകരിക്കുക.

30. എ) താപവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

ബി) മെഡിറ്ററേനിയൻ മേഖലയുടെ സവിശേഷതകൾ സൂചനകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

i. താപനിലയും വാർഷിക വർഷപാതവും

ii. നൈസർഗീക സസ്യജാലം

iii. കൃഷി

© State Assessment Cell - SCERT, Kerala